**പതിമൂന്നാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 7510

14/07/2014-ൽ മറുപടിക്ക്

കുടുംബശ്രീ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ സംവിധാനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുരളീധരൻ :<br>ശ്രീ.സണ്ണി ജോസഫ് :<br>ശ്രീ.വി.റ്റി. ബൽറാം :<br>ശ്രീ.ഹൈബി ഈഡൻ : | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| (എ) കുടുംബശ്രീ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട്; വിവരിക്കുമോ; | (എ) കുടുംബശ്രീ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി മാസ ചന്ത, ദിവസച്ചന്ത, ആഴ്ചച്ചന്ത, ഉൽസവാനുബന്ധ ചന്തകൾ (ഓണം, വിഷു, ക്രിസ്തുമസ്സ്, റംസാൻ മുതലായവ) എന്നിവ കുടുംബശ്രീ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ, ദേശീയ ഫെയറുകൾ, സർക്കാർ- സർക്കാരേതര വകുപ്പുകൾ സംഘടിപ്പിക്കുന്ന ഫെയറുകൾ എന്നിവയിൽ കുടുംബശ്രീ പങ്കെടുക്കാറുണ്ട്. ഇതിനുപുറമെ, കുടുംബശ്രീ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് വേണ്ടി കമ്മ്യൂണിറ്റി മാർക്കറ്റിങ്ങ് നെറ്റ്വർക്ക് (ഹോം ഷോപ്പ്) എന്ന സംവിധാനവും നിലവിലുണ്ട്. |
| (ബി) കുടുംബശ്രീ യൂണിറ്റുകൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സ്ഥിരം വിപണനകേന്ദ്രം തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) കുടുംബശ്രീ യൂണിറ്റുകൾ നിർമ്മിക്കുന്ന ഉല്പന്നങ്ങൾ വിൽക്കുന്നതിനായി ജില്ലാ ആസ്ഥാനങ്ങളിൽ സ്ഥിരം വിപണന കേന്ദ്രം തുടങ്ങുന്ന കാര്യം പരിഗണിച്ചുവരുന്നു. കോട്ടയം ജില്ലയിൽ ഏറ്റുമാനൂരിൽ ഒരു സ്ഥിരം വിപണി ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ഒരു സ്ഥിരം വിപണി ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) ഏതെല്ലാം തലത്തിലാണ് കുടുംബശ്രീ സ്ഥിരം വിപണന കേന്ദ്രങ്ങൾ തുടങ്ങാൻ ഉദ്ദേശിച്ചിട്ടുള്ളത്; വിശദമാക്കുമോ ; | (സി) മേഖലാ തലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സംയോജിച്ച് പരീക്ഷണാടിസ്ഥാനത്തിൽ വിപണന കേന്ദ്രങ്ങൾ തുടങ്ങാൻ ഉദ്ദേശിച്ചിട്ടുണ്ട്. |
| (ഡി) ഇതിനായി തദ്ദേശഭരണസ്ഥാപനങ്ങളുടെ സഹകരണം പ്രയോജനപ്പെടുത്താമോ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്ഥലം കണ്ടെത്തി വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ